**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3194

11.12.2014-ൽ മറുപടിയ്ക്ക്

## നെടുമങ്ങാട്-ഷോർളക്കോട് റോഡിന്റെ നിർമ്മാണത്തിൽ സംഭവിച്ച അപാകതകൾ

| ചോദ്യം<br>ശ്രീ എ.റ്റി. ജോർജ് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| പാറശ്ശാല മണ്ഡലത്തിലെ നെടുമങ്ങാട്-ഷോർളക്കോട് റോഡിന്റെ നിർമ്മാണത്തിൽ സംഭവിച്ച അപാകതകൾ പരിഹരിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കാമോ? | നെടുമങ്ങാട്-ഷോർളക്കോട് റോഡ് സി.ആർ.എഫ്. (CRF) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിൽ കള്ളിക്കാട് മുതൽ ആട്ടുവള്ളി വരെയുള്ള ഭാഗത്ത് കാളിപ്പാറ പദ്ധതിക്ക വേണ്ടി കേരളാ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇട്ട ട്രെഞ്ചിന്റെ റിസ്റ്റോറേഷൻ വർക്ക് ചെയ്തതിനു ശേഷമാണ് ബി.എം & ബി.സി വർക്ക് ചെയ്തിട്ടുള്ളത്. പ്രസ്തുത ടാറിംഗ് പണികൾ പൂർത്തിയായ ശേഷം വിവിധ ഭാഗങ്ങളിലായി കേരളാ വാട്ടർ അതോറിറ്റിയുടെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനിൽ ചോർച്ചയുണ്ടായത് മൂലമാണ് റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുള്ളത്. പ്രസ്തുത ട്രഞ്ച് ചെയ്ത ഭാഗം കൂടാതെ മറ്റൊരു സ്ഥലത്തും റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ടി ഭാഗത്ത് റോഡിനോട് ചേർന്നുള്ള ഉയർന്ന ഭൂമിയിൽ നിന്നും ശക്തമായ മഴമൂലം കല്ലും, മണ്ണും ശക്തിയായി ഒഴുകി വന്നതിനാലാണ് ഈ ഭാഗത്തെ ബി.സി ഇളകിപ്പോയിട്ടുള്ളത്. ഇപ്പോൾ ഇതു കൂടാതെ ട്രഞ്ചിന്റെ മറ്റു പല ഭാഗങ്ങളും കേരളാ വാട്ടർ അതോറിറ്റിയുടെ ഡിസ്ട്രിബ്യൂഷൻ ലൈനിൽ ചോർച്ച ഉണ്ടാകുന്നതു മൂലം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ടി റോഡിന്റെ കേടുപാടുകൾ തീർക്കുന്നതിനായി ട്രെഞ്ചിംഗ് പണി ചെയ്ത കരാറുകാരനും, CRF ചെയ്ത കരാറുകാരനും നിർദ്ദേശം നൽകിയതനുസരിച്ച് BUSG (Built Up Spray Grout) ചെയ്ത ലെവൽ ചെയ്തിട്ടുണ്ട്. മഴ തുടർന്ന് നിൽക്കുന്നതിനാൽ റിപ്പയർ പണികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. മഴ മാറിയതിന് ശേഷം മാത്രമേ അറ്റകുറ്റ പണികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ